# കേരളസർവകലാശാല

നം.പി.ആർ.250/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: വിദൂരവിദ്യാഭ്യാസവിഭാഗത്തിന് രണ്ടു സയൻസ് കോഴ്സുകൾക്ക് അനുമതി:അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 15

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗത്തിന് രണ്ടു പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകൾക്കു കൂടി യു.ജി.സി. അനുമതി നൽകി. എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം എസ്.സി. മാത്തമാറ്റിക്സ് എന്നിവയാണ് ഈ പ്രോഗ്രാമുകൾ. കഴിഞ്ഞ മാസം വിദൂരവിദ്യാഭ്യാസവിഭാഗത്തിന് അനുവദിച്ച 20 യു.ജി. - പി.ജി. പ്രോഗ്രാമുകൾക്കു പുറമെയാണ് ഈ കോഴ്സുകൾ. അനുവദിച്ച ഈ പ്രോഗ്രാമുകൾ ഉൾപ്പെടെയുള്ള 22 പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 15 വരെയാണ്. അപേക്ഷയുടെ ശരിപ്പകർപ്പും, അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടം ക്യാമ്പസ്സിലെ വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ ഡിസംബർ 15 വൈകുന്നേരം അഞ്ചു മണിക്കു മുൻപായി നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. എം.എസ്.സി. കമ്പ്യൂട്ടർസയൻസ്, എം. എസ്.സി. മാത്തമാറ്റിക്സ് എന്നീ പ്രോഗ്രാമുകൾക്കുള്ള തെരഞ്ഞെടുപ്പ് മെറിറ്റും സംവരണവും പാലിച്ചുകൊണ്ടായിരിക്കും.

ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റു വിവരങ്ങൾക്കും www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2021 ഡിസംബർ 4 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി (2019 സ്കീം) പരീക്ഷ ഡിസംബർ 7 ന് നടത്തുന്നതാണ്. മറ്റു ദിവസത്തെ പരീക്ഷകൾക്ക് മാറ്റമില്ല.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി ഓൺലൈൻ സ്പെഷ്യൽ പരീക്ഷ 2021 ഡിസംബർ 8 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2021 ഡിസംബർ 10 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ. (റെഗുലർ - 2020 സ്കീം - 2020 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല 2021 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (2020 സ്കീം - യു.ഐ.എം./ട്രാവൽ ആന്റ് ടൂറിസം ഉൾപ്പെടെ), 2021 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (2018 സ്കീം - യു.ഐ.എം. ഉൾപ്പെടെ ട്രാവൽ ആന്റ് ടൂറിസം/ഈവ നിംഗ്-റെഗുലർ) പരീക്ഷകൾ കോവിഡ് പശ്ചാത്തലത്തിൽ എഴുതാൻ സാധിക്കാത്ത റെഗു ലർ/സപ്ലിമെന്ററി/മേഴ്സിചാൻസ് വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാ വുന്നതാണ്. വിദ്യാർത്ഥികൾ പേര്, കാൻഡിഡേറ്റ് കോഡ്, എക്സാം കോഡ് എന്നിവ അട ങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റേയോ, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റേയോ സാക്ഷ്യ

പത്രം (അസൽ രേഖകൾ) സഹിതം 2021 ഡിസംബർ 16 നുള്ളിൽ അതാത് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബി.കോം./ബി.സി.എ./ബി.ബി.എ./ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (എസ്.ഡി.ഇ.) പരീക്ഷകൾ കോവിഡ് പോസിറ്റീവ്/ഹോം ക്വാറന്റൈൻ കാരണം എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ പരീക്ഷ 2021 ഡിസംബർ 6 മുതൽ ആരംഭിക്കുന്നതാണ്. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ. എല്ലാ വിദ്യാർത്ഥികളും കാര്യവട്ടം എസ്.ഡി.ഇ.യിൽ പരീക്ഷ എഴുതേണ്ടതാണ്.

## കേരളസർവകലാശാല ലൈബ്രറി പ്രവർത്തന സമയത്തിൽ മാറ്റം

കോവിഡ് പശ്ചാത്തലത്തിൽ കേരളസർവകലാശാല ലൈബ്രറിയുടെ പ്രവർത്തനസമയം രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ആയിരുന്നു. സംസ്ഥാനത്ത് കോവിഡ് നിയന്ത്രണം ലഘൂകരിച്ച് ലൈബ്രറിയുടെ പ്രവർത്തനസമയം പൂർവ്വസ്ഥിതിയിൽ ക്രമീകരിച്ചിട്ടുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ലൈബ്രറി പ്രവർത്തിക്കും. എല്ലാ രണ്ടാം ശനി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും എല്ലാ ഞായർ ദിവസങ്ങളിൽ ഉച്ചയ്ക്ക 2 മണി മുതൽ രാത്രി 8 മണി വരെയും ലൈബ്രറി പ്രവർത്തിക്കുന്നതാണ്. പൊതുഅവധി ദിനങ്ങളിൽ ലൈബ്രറി പ്രവർത്തിക്കുന്നതല്ല. കാഴ്ച പരിമിതരായ ലൈബ്രറി അംഗങ്ങൾക്കായി നവ-സാങ്കേതിക വിദ്യയുടെ സഹായത്തോടെ വായിക്കാൻ ആരംഭിച്ച പ്രത്യേക കേന്ദ്രത്തിന്റെ പ്രവർത്തനം പൂർണഗതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ലൈബ്രറി അംഗങ്ങൾ ലൈബ്രറിഹാളിന് അകത്തും പുറത്തും കോവിഡ് പ്രോട്ടോകോൾ കർശനമായും പാലിക്കണം.

തിരുവനന്തപുരം,
02.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**